KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

Ref No: 12404 27/01/2021

**സർക്കുലർ നമ്പർ 07/2021 (BD)**

വിഷയം: ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാർക്കും ഗോൾഡ് അപ്രൈസർമാർക്കും Group Personal Accidental Insurance Policy നടപ്പിലാക്കിയത് സംബന്ധിച്ച്

സൂചന: 20/01/2021 തീയതിയിലെ 543 മത് ബോർഡ് യോഗത്തിലെ 9164 മത് നമ്പർ തീരുമാനം.

****

മേൽ സൂചന പ്രകാരമുള്ള ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാർക്കും ഗോൾഡ് അപ്രൈസർമാർക്കും ചില നിബന്ധനകൾക്ക് വിധേയമായി ഇൻഷ്വറൻസ് പരിരക്ഷ ഈ സാമ്പത്തിക വർഷവും ഏർപ്പെടുത്താൻ തീരുമാനിച്ചതിൻ പ്രകാരം United India Insurance Company Ltd ന്റെ Group Personal Accidental Insurance Policy നടപ്പാക്കിയിട്ടുള്ള വിവരം അറിയിക്കുന്നു. ഇതുപ്രകാരം 2019 -20 സാമ്പത്തിക വർഷം ഒരു ശാഖയിൽ 100 ഉം അതിലധികവും ടിക്കറ്റ് ക്യാൻവാസ് ചെയ്ത നിലവിലുള്ള 627 ഏജന്റുമാർക്കും, 31/03/2020 ന് ഗോൾഡ് ലോൺ ബിസിനസ്സ് 2 കോടി രൂപയോ അതിലധികമോ ഉള്ള ശാഖകളിലെ നിലവിലുള്ള 289 അപ്രൈസർമാരും ഉൾപ്പെടെ മൊത്തം 916 പേരാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ പോളിസിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

1. **Group Personal Accidental Insurance Policy** - ചിട്ടി ക്യാൻവാസിംഗ് ഏജന്റ്
   ഇൻഷ്വറൻസ് പോളിസി കാലാവധി : 30/12/2020 to 29/12/201
   ഇൻഷ്വറൻസ് ചെയ്ത ഏജന്റുമാരുടെ പേരു വിവരം Annexure I കാണുക

2. **Group Personal accidental Insurance Policy -** ഗോൾഡ് അപ്രൈസർ
   ഇൻഷ്വറൻസ് പോളിസി കാലാവധി : 30/12/2020 to 29/12/201
   ഇൻഷ്വറൻസ് ചെയ്ത ഗോൾഡ് അപ്രൈസർമാരുടെ പേരു വിവരം Annexure II കാണുക

**പോളിസിയുടെ പ്രത്യേകതകൾ**

1. അപകടമരണം സംഭവിച്ചാൽ പരമാവധി 3 ലക്ഷം രൂപ വരെ ലഭിക്കും
2. ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ പരമാവധി 1 ലക്ഷം രൂപ വരെ ലഭിക്കും
3. അംഗവൈകല്യം സംഭവിച്ചാൽ ഒറ്റത്തവണയായി പരമാവധി 30000/- രൂപ വരെ ചികിത്സാ സഹായമായി ലഭിക്കും

മേൽ പറഞ്ഞ പോളിസിയുടെ കാലാവധി 1 വർഷം ആണ്. ശാഖാ മാനേജർമാർ **Group Personal accidental Insurance Policy** നൽകിയിട്ടുള്ള വിവരം അതാത് ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാരേയും ഗോൾഡ് അപ്രൈസർമാരേയും അറിയിക്കേണ്ടതാണ്. ഈ ഇൻഷ്വറൻസ് പോളിസിയുടെ ആനുകൂല്യങ്ങളും വ്യവസ്ഥകളും അടങ്ങുന്ന പൂർണ്ണരൂപം 'Downloads' ൽ ലഭ്യമാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

ഉള്ളടക്കം :- 1. *Annexure I& II*
2. Group Personal Accidental Insurance Policy

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
3. എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
4. സർക്കുലർ ഫയൽ
5. MD യുടെ PA
6. എല്ലാ SDT ഓഫീസുകൾക്കും